ഭരണഭാഷ – മാതൃഭാഷ

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം
(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്)
അഞ്ചാം നില, സ്വരാജ് ഭവൻ
നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം- 695 003

Phone : 0471-2324030
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. എ 1-5300/2014/സിഇ/തസ്വഭവ** **തീയതി. 08/12/2022**

# സർക്കുലർ

## വളരെ അടിയന്തരം

വിഷയം:- തസ്വഭവ - (LID & EW) - ജീവനക്കാര്യം - ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ സ്ഥാനക്കയറ്റം മുഖേന ക്ലർക്ക്/സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ഈ കാര്യാലയത്തിലെ 29/10/2022 തിയതിയിലെ ഇതേ നമ്പർ സർക്കുലർ

ഈ വകുപ്പിന് കീഴിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും ക്ലർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച് നിലവിൽ ക്ലർക്ക്/സീനിയർ ക്ലർക്ക് തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ നിർദ്ദിഷ്ട പ്രൊഫോർമയിൽ 03/11/2022 തിയതിക്കകം സമർപ്പിക്കുന്നതിന് സൂചന പ്രകാരം ആവശ്യപ്പെട്ടിരുന്നു. സൗത്ത് സർക്കിൾ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, വയനാട്, ജില്ലാ പഞ്ചായത്തുകളിലെ വിവരങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല. ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും ക്ലർക്ക് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം അടിയന്തിരമായി ചെയ്യേണ്ടതിനാൽ സൂചന സർക്കുലർ പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ സമർപ്പിക്കാത്ത ഓഫീസുകളിലെ ജൂനിയർ സൂപ്രണ്ടുമാരുടെ വിശദീകരണം സഹിതം റിപ്പോർട്ട് 3 ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതായിരിക്കും.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ് : എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും/എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും